കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഉപദേശകനും, ത്രിതല പഞ്ചായത്തിലെ അംഗങ്ങൾ, പി.റ്റി.എ. പ്രതിനിധി, ഒരു സാമൂഹ്യ പ്രവർത്തകൻ, സ്കൂൾ ലീഡർ, ഒരു അദ്ധ്യാപകൻ എന്നിവർ അംഗങ്ങളും ആയിരിക്കുന്നതാണ്.

(ഇ) 2013-14 അദ്ധ്യയന വർഷത്തിൽ മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

കേരളോത്സവങ്ങളുടെ പങ്കാളിത്ത കുറവ്

214(2206) ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളോൽസവങ്ങളിലെ പങ്കാളിത്ത കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലാ - സംസ്ഥാനതല കേരളോൽസവ വിജയികൾക്ക് സംസ്ഥാന സർക്കാർ ജോലികളിലും ഉന്നത വിദ്യാഭ്യാസ രംഗത്തും ഗ്രേസ് മാർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും കേരളോൽസവത്തിൽ പങ്കാളികളായവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി.എസ്.സി. പരീക്ഷകളിൽ കേരളോത്സവം വിജയികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) സർക്കാർ അധികാരമേറ്റശേഷമുള്ള കേരളോത്സവത്തിൽ പങ്കാളികളായവരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

വനഭൂമി ആദിവാസികൾക്ക് തിരിച്ച് നൽകാൻ നടപടി

215(2207) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെറ്റിനെറി സർവ്വകലാശാലയ്ക്കുവേണ്ടി ഏറ്റെടുത്ത വനഭൂമി ആദിവാസികൾക്ക് തിരിച്ച് നൽകാൻ പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly